# ശതാവരി *(Asparagus racemosus)*

**സസ്യകുടുംബം – ലിലിയേസിയേ**

## രൂപവിവരണം

- വൃക്ഷങ്ങളിൽ ചുറ്റിപ്പടർന്ന് വളരുന്ന ഒരു ബഹുവർഷ വള്ളിച്ചെടി
- ഇലകൾ ലോപിച്ച് മുള്ളുകളായി രൂപാന്തരപ്പെട്ടിരിക്കുന്നു.
- പൂക്കൾക്ക് വെളുത്ത നിറവും രൂക്ഷഗന്ധവും.
- കായ്കൾ പഴുക്കുമ്പോൾ ചുവപ്പു നിറം.
- വേരുകൾ മാംസളമായ കിഴങ്ങുകളായി രൂപാന്തരം പ്രാപിക്കുന്നു.

## ഔഷധഗുണം

ഉപയോഗഭാഗം: കിഴങ്ങുകൾ

- രസായന ഔഷധമാണ്.
- വാതം, സന്ധി വേദന, മൂത്രാശയരോഗങ്ങൾ, ഉദരരോഗങ്ങൾ, അപസ്മാരം മുതലായവയുടെ ചികിത്സക്കും.
- അസ്ഥിസ്രാവം, അമിതാർത്തവം എന്നിവയ്ക്കും
- മുലപ്പാൽ വർദ്ധിപ്പിക്കുന്നതിനും ശുദ്ധീകരിക്കുന്നതിനും, പ്രസവരക്ഷയ്ക്കും
- അമിതാർത്തവം, വെള്ളപോക്ക്, ഗർഭാശയവൈകല്യങ്ങൾ എന്നിവയ്ക്കും
- പശുക്കൾക്കും എരുമകൾക്കും പാൽ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും
- ചൂടുകാലത്ത് ശരീരോഷ്മാവ് നിയന്ത്രിക്കുന്നതിന് ശതാവരിക്കിഴങ്ങ് ജ്യൂസ് നല്ലതാണ്.
- ശതാവരിഗുളം, ശതാവരിഘൃതം, സഹജരാദി കുഴമ്പ്, രാസ്നാദികഷായം, അശ്വഗന്ധാതി തൈലം, അജമാംസ ഘൃതം എന്നീ ആയുർവ്വേദമരുന്നുകളിലേയും ഒരു പ്രധാന ചേരുവ.

## രാസഘടകങ്ങൾ

പ്രോട്ടീൻ 22%, ഫാറ്റ് 3.2% വിറ്റാമിൻ ബി 0.3%, വിറ്റാമിൻ സി 0.04% കൂടാതെ വിറ്റാമിൻ എ, ക്യാൻസർ രോഗത്തെ ചെറുക്കുന്ന അസ്പാർജിൻ എന്ന രാസവസ്തു മുതലായവയാണ് പ്രധാനമായും അടങ്ങിയിട്ടുള്ളത്.

## മണ്ണും കാലാവസ്ഥയും

- നല്ല വളക്കൂറും ഈർപ്പവുമുള്ള മണൽമണ്ണാണ് കൃഷിയ്ക്ക് പറ്റിയത്. മണലിന്റെ അളവ് കൂടുതലുള്ള മണ്ണിൽ കിഴങ്ങ് കൂടുതലായി ഉണ്ടാകാറുണ്ട്.
- ഉഷ്ണമേഖലപ്രദേശങ്ങളിലാണ് ശതാവരി നന്നായി വളർന്നുകാണുന്നത്.
- തെങ്ങിൻതോപ്പിൽ ഇടവിളയായും കൃഷിചെയ്യാം.

## വംശവർദ്ധനവ്

- വിത്ത് മുളപ്പിച്ചും കിഴങ്ങ് നട്ടും തൈകൾ ഉത്പാദിപ്പിക്കാം.

- മൂപ്പെത്തിയ ചുവന്ന കായ്കൾ ശേഖരിച്ച് വെള്ളത്തിൽ കഴുകി പുറത്തെ മാംസളഭാഗം നീക്കം ചെയ്യണം.
- തുടർന്ന് വെള്ളത്തിൽ കുതിർത്ത് മണ്ണിൽ പാകി മുളപ്പിക്കാം. ബീജാങ്കുരണ ശേഷി പെട്ടന്നു നഷ്ടപ്പെടുമെന്നതിനാൽ ശേഖരിച്ച് അധികം താമസിയാതെ പാകണം.
- ചെടികളുടെ കിഴങ്ങുകൾ കടഭാഗത്തോടൊപ്പം നടാനായി ഉപയോഗിക്കാം.

## കൃഷിരീതി

- മൺസൂൺ മഴ തുടങ്ങുന്നതിനു മുമ്പായി കൃഷിസ്ഥലം ഉഴുത് 60–100 സെ.മീ. അകലത്തിൽ 30 സെ. മീ. സമചതുരക്കുഴികളെടുത്ത് ചാണകം, മേൽമണ്ണ് മുതലായവ ഇട്ട് തൈകൾ വയ്ക്കാം.
- ചാണകമോ കമ്പോസ്റ്റോ ഒരു ഹെക്ടർ സ്ഥലത്തിന് 10–15 ടൺ പ്രകാരം നൽകണം.
- കൂടാതെ പാക്യജനകം, ഭാവഹം, ക്ഷാരം ഇവ 60:30:30 കിലോഗ്രാം ഒരു ഹെക്ടർ സ്ഥലത്തിന് നൽകുന്നത് നല്ലതാണ്.
- നട്ട് രണ്ടുമാസം പ്രായമാകുമ്പോഴേക്കും വള്ളികൾ പടരാൻ തുടങ്ങും.
- വേനൽക്കാലത്ത് ചുരുങ്ങിയ തോതിൽ ജല സേചനം ആവശ്യമാണ്.

## വിളവെടുപ്പും പ്രാഥമികസംസ്ക്കരണവും

- രണ്ടുവർഷത്തിനുശേഷം വിളവ് എടുക്കുന്നതാണ് നല്ലത്.
- വിളവെടുക്കുന്നതിനു മുമ്പ് കൃഷിസ്ഥലം നനച്ചുകൊടുത്താൽ കിഴങ്ങുകൾ മുറിഞ്ഞുപോകാതെ പറിച്ചെടുക്കാൻ സാധിക്കും.
- ഒരു ഹെക്ടർ സ്ഥലത്തുനിന്നും 10–15 ടൺ പച്ചകിഴങ്ങ് ലഭിക്കും.
- പറിച്ചെടുത്ത കിഴങ്ങുകൾ നന്നായി കഴുകിയെടുത്ത് ഉപയോഗിക്കാം.

Aromatic and Medicinal Plants Research Station (AMPRS), Odakkali, Asamannoor P.O., Ernakulam, Kerala, India, PIN-683 549
Tel: 0484-2658221, Fax: 0484-2659881, E-mail: amprs@kau.in, amprskau@gmail.com, Website: http://www.kau.edu